**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 102** **12-10-2026-ൽ മറുപടിയ്ക്ക്**

**<u>ആസ്തി വികസന ഫണ്ടിൽ നിന്നുള്ള പ്രവൃത്തികൾക്കുള്ള പ്രത്യേകാനുമതി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. കാരായി രാജൻ ശ്രീ. വി. ഡി. സതീശൻ
(മുഖ്യമന്ത്രി)

**(എ)** 2023-24, 2024-25, 2025-26 സാമ്പത്തിക വർഷങ്ങളിൽ തലശ്ശേരി നിയോജകമണ്ഡലം എം.എൽ.എ.യുടെ ആസ്തി വികസന ഫണ്ടിൽ നിന്നും എത്ര പ്രവൃത്തികൾക്ക് പ്രത്യേകാനുമതി ആവശ്യമായി വന്നിട്ടുണ്ടെന്നും പ്രസ്തുത പ്രവൃത്തികൾ ഏതൊക്കെയാണെന്നും അവയ്ക്ക് അനുമതി ലഭിക്കുന്നതിന് കാലതാമസം നേരിടുന്നതിന്റെ കാരണങ്ങൾ എന്താണെന്നും വ്യക്തമാക്കാമോ;

**<u>മറുപടി:</u>** 2023-24, 2024-25, 2025-26 സാമ്പത്തിക വർഷങ്ങളിൽ തലശ്ശേരി നിയോജകമണ്ഡലം എം.എൽ.എ.യുടെ ആസ്തി വികസന ഫണ്ടിൽ നിന്നും എത്ര പ്രവൃത്തികൾക്ക് പ്രത്യേകാനുമതി ആവശ്യമായി വന്നിട്ടുണ്ടെന്നും, പ്രസ്തുത പ്രവൃത്തികൾ ഏതൊക്കെയാണെന്നും, അവയ്ക്ക് അനുമതി ലഭിക്കുന്നതിന് കാലതാമസം നേരിടുന്നതിന്റെ കാരണങ്ങൾ എന്താണെന്നും, പ്രസ്തുത പ്രവൃത്തികൾക്ക് അനുമതി നൽകാൻ എന്തെല്ലാം നടപടികളാണ് ഇതുവരെ സ്വീകരിച്ചിട്ടുള്ളതെന്നുമുള്ള വിവരങ്ങൾ അനുബന്ധം-1 ലെ പട്ടികയിൽ ചേർത്തിരിക്കുന്നു.

**(ബി)** പ്രസ്തുത പ്രവൃത്തികൾക്ക് അനുമതി നൽകാൻ എന്തെല്ലാം നടപടികളാണ് ഇതുവരെ സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

**<u>മറുപടി:</u>** മുൻ ഖണ്ഡികയിലെ ഉത്തരം

**സെക്ഷൻ ഓഫീസർ**

# അനുബന്ധം -1

## എം.എൽ.എ ആസ്തി വികസന പദ്ധതി- തലശ്ശേരി നിയോജകമണ്ഡലം

| ക്രമ നം. | സാമ്പത്തിക വർഷം | പ്രവൃത്തിയുടെ പേര് | ഭരണാനുമതി തുക (രൂപ) | നിലവിലെ സ്ഥിതി |
|---|---|---|---|---|
| 1 | 2023-24 | തലശ്ശേരി നിയോജകമണ്ഡലത്തിലെ അഞ്ച് പഞ്ചായത്തുകളിൽ മിനി മാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിന് 17 ലക്ഷം രൂപ | 17 ലക്ഷം | ധനകാര്യ നോഡൽ (സി) വകുപ്പിൽ നിന്നുള്ള 06/06/2026 ലെ സ.ഉ(സാധാ)നം.2330/2026/ധന ഉത്തരവ് പ്രകാരം പ്രത്യേകാനുമതി ലഭ്യമാക്കിയിട്ടുണ്ട് |
| 2 | 2023-24 | 2023-24 3 വി.ആർ. കൃഷ്ണയ്യർ സ്മാരക ഈ-സ്പോർട്സ് സ്റ്റേഡിയം | 25 ലക്ഷം | ധനകാര്യ നോഡൽ (സി) വകുപ്പിൽ നിന്നുള്ള 06/06/2026 ലെ സ.ഉ(സാധാ)നം.2330/2026/ധന ഉത്തരവ് പ്രകാരം പ്രത്യേകാനുമതി ലഭ്യമാക്കിയിട്ടുണ്ട് |
| 3 | 2023-24 | തലശ്ശേരി എൻജി. കോളേജിൽ അക്കാദമിക് ബ്ലോക്ക് നിർമ്മിക്കുന്ന പ്രവൃത്തി | 2 കോടി | ധനകാര്യ നോഡൽ (സി) വകുപ്പിൽ നിന്നുള്ള 25/02/2026 ലെ സ.ഉ(സാധാ)നം.1931/2026/ധന ഉത്തരവ് പ്രകാരം പ്രത്യകാനുമതി/ധനാനുമതി ലഭ്യമാക്കിയിട്ടുണ്ട് |
| 4 | 2023-24 | തലശ്ശേരി മുനിസിപ്പാലിറ്റിയിൽ - ഷീ ലോഡ്ജ് നിർമ്മാണം | 99 ലക്ഷം | ബഹു. തലശ്ശേരി മുൻ എം.എൽ.എ ശ്രീ. എ.എൻ.ഷംസീർ അവർകൾ ബഹു.മുൻ ധനകാര്യമന്ത്രിയ്ക്ക് സമർപ്പിച്ച ശിപാർശ ധനകാര്യ വകുപ്പിൽ പരിശോധിക്കുകയും, തലശ്ശേരി മുനിസിപ്പാലിറ്റിയിൽ ഷീ ലോഡ്ജ് എന്ന പ്രവൃത്തിയുടെ തുടർ പരിപാലനം എങ്ങനെ നിർവഹിക്കും, തുടർ പരിപാലനത്തിന് അധിക തസ്തികകൾ ആവശ്യമുണ്ടോ എന്നും ഉണ്ടെങ്കിൽ എങ്ങനെ കണ്ടെത്തുമെന്നുമുള്ള വിവരങ്ങൾ ഉൾപ്പെടുത്തി റിപ്പോർട്ട് ലഭ്യമാക്കാൻ കണ്ണൂർ ജില്ലാ ഭരണകൂടത്തിന് കത്തു നൽകിയിരിക്കുന്നു. (നം3130022/എൻ.സി.സി3/36/2025). എന്നാൽ ജില്ലാ ഭരണകൂടത്തിൽ നിന്നും റിപ്പോർട്ട് ലഭ്യമാക്കിയിരുന്നില്ല. നിലവിലെ തലശ്ശേരി നിയോജകമണ്ഡലം ബഹു.എം.എൽ.എ ടി പ്രവൃത്തി നടപ്പിലാക്കുവാൻ അഗ്രഹിക്കുന്ന പക്ഷം, ജില്ലാ ഭരണകൂടത്തിൽ നിന്നുള്ള റിപ്പോർട്ട് ഉൾപ്പെടുത്തി ശിപാർശ ബഹു.മുഖ്യമന്ത്രിയ്ക്ക് സമർപ്പിക്കേണ്ടതാണ്. |
| 5 | 2023-24 | തലശ്ശേരി നിയോജകമണ്ഡലത്തിലെ കതിരൂർ ഓപ്പൺ ഓഡിറ്റോറിയം, ടൗൺ സൗന്ദര്യവൽക്കരണം എന്നീ പ്രവൃത്തികൾ | 25 ലക്ഷം | ബഹു മുൻ എം.എൽ.എ ശ്രീ. എ.എൻ.ഷംസീർ അവർകൾ സമർപ്പിച്ച ബഹു.മുൻ ധനകാര്യമന്ത്രിയ്ക്ക് സമർപ്പിച്ച ശിപാർശ നിലവിലെ തലശ്ശേരി നിയോജകമണ്ഡലം ബഹു എം.എൽ എ യ്ക്ക് ലഭ്യമാക്കിക്കൊണ്ട് പ്രവൃത്തി നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് അഭിപ്രായം ആരായുവാനും, 2023-24 സാമ്പത്തിക വർഷത്തെ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി തലശ്ശേരി നിയോജകമണ്ഡലത്തിലെ കതിരൂർ ഓപ്പൺ ഓഡിറ്റോറിയം, ടൗൺ സൗന്ദര്യവൽക്കരണം എന്നീ പ്രവൃത്തികൾക്ക് പ്രത്യേക അനുമതി ആവശ്യമുള്ള പക്ഷം |

| | | | | |
|---|---|---|---|---|
| | | | | നിലവിലെ ബഹു.എം.എൽ.എയുടെ ശിപാർശ ബഹു.മുഖ്യമന്ത്രിയ്ക്ക് ലഭ്യമാക്കേണ്ടതാണ് എന്ന വിവരം No.3492419/NC-C3/65/2026-Fin കത്ത് പ്രകാരം കണ്ണൂർ ജില്ലാ ഭരണകൂടത്തെ അറിയിച്ചിട്ടുണ്ട്. ശിപാർശ ലഭ്യമാകുന്ന മുറയ്ക്ക് പ്രത്യേകാനുമതിയ്ക്കായുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |
| 6 | 2024-25 | പാനൂർ ബ്ലോക്ക് പഞ്ചായത്ത് ഓഡിറ്റോറിയം പൂർത്തീകരണം | 50 ലക്ഷം | 2024-25 സാമ്പത്തിക വർഷത്തിലെ തലശ്ശേരി നിയോജകമണ്ഡല ആസ്തി വികസന ഫണ്ടിൽ നിന്നും പ്രത്യേകാനുമതി ആവശ്യപ്പെട്ട് തലശ്ശേരി നിയോജകമണ്ഡലം മുൻ എം.എൽ.എ ശ്രീ. എ.എൻ.ഷംസീർ അവർകൾ സമർപ്പിച്ച ശിപാർശ ധനകാര്യ വകുപ്പിൽ പരിശോധിക്കുകയും ബഹു.മുൻധനകാര്യമന്ത്രിയുടെ ഉത്തരവ് പ്രകാരം SDF ൽ നിന്നും പരിഗണിക്കുന്നതിന് താൽപര്യമുണ്ടെങ്കിൽ ആയതിനുള്ള ശിപാർശ ലഭ്യമാക്കാൻ ബഹു മുൻ എംഎം.എൽ.എയ്ക്ക് കത്ത് ലഭ്യമാക്കിയിട്ടുണ്ട്. നിലവിലെ തലശ്ശേരി ബഹു.എം.എൽ.എ ടി പ്രവൃത്തി നടപ്പിലാക്കുവാൻ അഗ്രഹിക്കുന്ന പക്ഷം, ശിപാർശ ബഹു.മുഖ്യമന്ത്രിയ്ക്ക് സമർപ്പിക്കേണ്ടതാണ്. |
| 7 | 2024-25 | 2024-25- തലശ്ശേരി നിയോജകമണ്ഡലത്തിലെ കതിരൂർ ഗ്രാമപഞ്ചായത്ത് നാലാം വാർഡ് തരുവണത്തെരു എയ്ഡഡ് യു.പി. സ്കൂളിന് കളിക്കളം | 25 ലക്ഷം | 2024-25 കാലയളവിൽ തലശ്ശേരി നിയോജകമണ്ഡല ആസ്തി വികസന ഫണ്ടിൽ നിന്നും പ്രത്യേകാനുമതി ആവശ്യപ്പെട്ട് തലശ്ശേരി നിയോജകമണ്ഡലം മുൻ എം.എൽ.എ ശ്രീ. എ.എൻ.ഷംസീർ അവർകൾ സമർപ്പിച്ച ശിപാർശ ധനകാര്യ വകുപ്പിൽ പരിശോധിക്കുകയും ബഹു.മുൻധനകാര്യമന്ത്രിയുടെ ഉത്തരവ് പ്രകാരം ചലഞ്ച് ഫണ്ട് വഴി പരിഗണിക്കുന്നതിന് താൽപര്യമുണ്ടെങ്കിൽ ആയതിനുള്ള ശിപാർശ ലഭ്യമാക്കാൻ ബഹു.മുൻ എംഎം.എൽ.എയ്ക്ക് കത്ത് നല്കിയിരുന്നു. ടി പ്രവൃത്തിയ്ക്ക് പ്രത്യേക അനുമതി ആഗ്രഹിക്കുന്ന പക്ഷം നിലവിലെ ബഹു.എം.എൽ.എയുടെ ശിപാർശ ബഹു.മുഖ്യമന്ത്രിയ്ക്ക് സമർപ്പിക്കേണ്ടതുണ്ട്. |

| | | | | |
|---|---|---|---|---|
| 8. | 2025-26 | ആസ്തി വികസന പദ്ധതി- 2025-26 - തലശ്ശേരി നിയോജക മണ്ഡലം - തലശ്ശേരി നിയോജക മണ്ഡലത്തിൽ തിരുവങ്ങാട് ടെമ്പിൾഗേറ്റ് സ്പോർട്ടിംഗ് അറീന കെട്ടിട നിർമ്മാണം - | 1 കോടി | ബഹു.എം.എൽ.എയുടെ ശിപാർശ കത്ത് നം.എൻ.സി.സി3/86/2026-ധന ഫയലിൽ പരിശോധിക്കുകയും, പ്രവൃത്തിയുടെ നിർമ്മാണസ്ഥലം, ഉടമസ്ഥാവകാശം എന്നിവ സംബന്ധിച്ച വിവരങ്ങളും എസ്റ്റിമേറ്റ്/എസ്റ്റിമേറ്റ് റിപ്പോർട്ട്, നിർവ്വഹണ ഏജൻസി സംബന്ധിച്ച വിവരങ്ങളും, മറ്റു അനുബന്ധരേഖകളും, ഉൾപ്പെടെ വ്യക്തമായ റിപ്പോർട്ട് ലഭ്യമാക്കുവാൻ കണ്ണൂർ ജില്ലാ ഭരണകൂടത്തിനു കത്ത് (No.3619906/NC-C3/86/2026-Fin) നൽകിയിട്ടുണ്ട്. റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് ടി ശിപാർശയിൻമേൽ പ്രത്യേകാനുമതിയ്ക്കായുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |

8/10/26

8/10/26

08/10/26
US (NC-C)

8/10/26
JS (NC)

8/10/26
AS (NC)